കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## ആര്യാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി9/137/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 06.02.2017
ഫോൺ – 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :ആര്യാട് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-2, 3-8 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ-എ.എൽ.പി-പി9/137/17 തീയതി: 06.02.2017

**ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്ത്**

**2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്**

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2015 മുതൽ 31.03.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13.01.2017 മുതൽ 23.01.2017 വരെ | ശ്രീ. രാജീവ് ആർ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീ.കെ.ജി. രാജേഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രവീൺ ഷേണായി ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

**(ബി) നിർവ്വഹണാധികാരികൾ**

1.**പ്രസിഡന്റ്**

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.എം. രവീന്ദ്ര ദാസ് | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 11.11.2015 വരെ |
| 3 | ശ്രീമതി. കവിതാ ഹരിദാസ് | 12.11.2015 മുതൽ 31.03.2016 വരെ |

**2.സെക്രട്ടറി**

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി.സി.എ.ജയശ്രീ | 01.04.2015 മുതൽ 03.01.2016 വരെ |
| 2 | ശ്രീ.എസ്.വിജയ് | 04.01.2016 മുതൽ 07.03.2016 വരെ |
| 3 | ശ്രീമതി.ഐ.സുബൈദ ബായി (സെക്രട്ടറി -ഇൻ-ചാർജ്) | 08.03.2016 മുതൽ 31.03.2016 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ഷീബാ സാജു | 01.04.2015മുതൽ 31.10.2015വരെ |
| | | ശ്രീ. ബിപിൻ രാജ് ബി. | 12.11.2015മുതൽ 31.03.2016വരെ |
| 2 | വികസനകാര്യം | ശ്രീ. പി.എസ്. അനഘൻ | 01.04.2015 മുതൽ 31.10.2015വരെ |
| | | ശ്രീമതി. പ്രസന്ന രാജേന്ദ്രൻ | 12.11.2015 മുതൽ 31.03.2016വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സിനിമോൾ ജോജി | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീ. പി. സുരേഷ് | 12.11.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ. സി.ഡി. അശോക് കുമാർ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ശ്രീമതി.അനിതാ ഗോപിനാഥൻ | 12.11.2015 മുതൽ 31.03.2016 വരെ |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.സാനി ജോർജ്ജ് | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ബിജു എസ്. | 01.04.2015 മുതൽ 31.03.2016 വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി. ജ്യോതി ലക്ഷ്മി | 01.04.2015 മുതൽ 31.12.2015 വരെ |
| | | ശ്രീമതി. ആശാലത | 01.01.2016 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. ആശാ പ്രവീൺ | 1.4.2015 മുതൽ 29.02.2016 വരെ |

| | | | |
|---|---|---|---|
| | | | |
| | | ഡോ. അരുൺ പി.വി | 01.03.2016 മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മനമോഹൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 6 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സുനിൽകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| 7 | പ്രധാന അധ്യാപിക,<br>ഗവ.എൽ.പി. എസ്. | ശ്രീമതി. പ്രീതി ജോസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 8 | അസിസ്റ്റന്റ്<br>എൻജിനീയർ | ശ്രീമതി. സിസി ആന്റണി | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെമ്പൻതറ) | ശ്രീ. ആർ. അജീഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| | വി.ഇ.ഒ (തെക്കനാര്യാട്) | ശ്രീ. എച്ച്. ഹാഷിഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| | വി.ഇ.ഒ (ഐക്യഭാരതം) | ശ്രീ. എം. സുധീർ | 01.04.2015 മുതൽ 31.03.2016 വരെ |
| 10 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. ലീന | 01.04.2015 മുതൽ 31.03.2016 വരെ |
| 11 | അസി. സെക്രട്ടറി | ശ്രീമതി. സുബൈദാ ബായി | 01.04.2015 മുതൽ 31.03.2016 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to<br>1-11 |

| | | |
|---|---|---|
| | | |
| | ഭാഗം 2 | |
| 2 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിന് രണ്ട് ബാങ്ക് അക്കൗണ്ടുകൾ നില നിർത്തിപ്പോരുന്നു | 2-1 |
| 3 | വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല | 2-2 |
| 4 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-3 |
| | ഭാഗം-3 | |
| 5 | ജല അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്താത്തത് മൂലം പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ അധിക ബാധ്യത | 3-1 |
| 6 | തെരുവ് വിളക്കുകളുടെ യഥാർത്ഥ ഉപഭോഗം കണക്കാക്കാതെ വൈദ്യുതി ചാർജ് അടവാക്കുന്നു | 3-2 |
| 7 | തെരുവ് വിളക്ക്-വിതരണ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 8 | വിദ്യാർത്ഥികൾക്ക് സ്റ്റീൽ കസേര വാങ്ങൽ- ടെണ്ടർ നടപടിക്രമം പാലിച്ചില്ല | 3-4 |
| 9 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 10 | കോൺട്രാക്ററ് മുഖേനയുള്ള വാങ്ങലുകൾക്ക് ആദായ നികുതി ഈടാക്കിയിട്ടില്ല | 3-6 |
| 11 | കളിയുപകരണം ഉപയോഗശൂന്യമായ നിലയിൽ- തുടർ നടപടി സ്വീകരിച്ചില്ല | 3-7 |
| 12 | കൂടിയ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങിയത് മൂലം അധികച്ചെലവ് | 3-8 |
| 13 | കൺവീനർമാർക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ബിറ്റുമിൻ ലഭ്യമായി - വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി | 3-9 |
| 14 | ഹോമിയോ ആശുപത്രിയ്ക്ക് ചുറ്റുമതിലും ഗ്രില്ലും നിർമ്മാണം -തെറ്റായ മൂല്യനിർണ്ണയം മൂലം അധികതുക നൽകിയത് അംഗീകരിക്കുന്നില്ല. | 3-10 |
| 15 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 3-11 |

| | | |
|---|---|---|
| | ഭാഗം 4 | |
| 18 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |



## ഭാഗം –1

## പൊതു അവലോകനം



## പൊതു അവലോകനം



### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24-03-2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 15,73,38,046 | 15,19,59,196 |
| വാർഷിക കണക്ക് | 3,82,45,181 | 4,33,43,585 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവും യഥാർത്ഥ വരവിന്റെയും ചെലവിന്റെയും 3 മടങ്ങിലധികമാണ് എന്ന് കാണാം. യാഥാർത്ഥ്യബോധ്യത്തോടെ ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1–2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 16.7.2016 |

### 1–3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1–4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9255546.50 |
| വരവ് | 38245181 |
| ആകെ | 47500727.50 |
| ചെലവ് | 43343585 |
| നീക്കിയിരിപ്പ് | 4157142.50 |

| | |
|---|---|
| | |

**1-5 ഫണ്ട് വിനിയോഗം**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| ഫണ്ടിനം | മുന്നിരിപ്പ് | റ്റി.സി. ചെയ്തു ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2)+(3)+(5) | ചെലവ് | റ്റി.സി. ചെയ്തു നൽകിയ തുക | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | അലോട്ട്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
| വികസനഫണ്ട് ജനറൽ | 0 | 4163697 | 9850377 | 5455201 | 9618898 | 9618898 | - | - | 0 |
| വികസനഫണ്ട് എസ്. സി.പി | 0 | - | 1443000 | 1443000 | 1443000 | 1443000 | - | - | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | - | 145000 | 66600 | 66600 | 66600 | - | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 37000 | - | 5043386 | 4841512 | 4878512 | 3890050 | 988462 | - | 0 |
| പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക് ധനസഹായം) | 3274000 | - | 3175235 | 2227371 | 5501371 | 2326136 | 3175235 | - | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺ റോഡ് | 755644 | - | 5043386 | 1371107 | 2126751 | 2126751 | - | - | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 115000 | - | 3181000 | 2312608 | 2427608 | 2427608 | 0 | 0 | 0 |
| ബി- ഫണ്ട് | 0 | 0 | 316154555 | 31615455 | 31615455 | 31615455 | 0 | 0 | 0 |
| എം.ജി. എൻ.ആർ ഇ.ജി.എസ്. | 0 | - | 32311934 | 32311934 | 32311934 | 32246911 | 0 | 0 | 65023 |

**1-6പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 151 | 36226242 | 80 | 25035993 | 25 | 46 | 53% |

**1-7 തനത് വരുമാനം**

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 52.24% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (-) |
|---|---|---|---|---|
| നികുതി വരവുകൾ | 31,28,731 | 18,80,238 | (-)12,48,493 | (-)39.90 |
| നികുതിയേതര വരവുകൾ | 5,19,386 | 36,85,582 | 31,66,196 | 609.60 |
| മറ്റ് വരവുകൾ | 82,687 | 1,13,985 | 31,298 | 37.85 |
| **ആകെ** | 3730804 | 56,79,805 | 19,49,001 | 52.24 |

**1-8 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 892200 | 463 |
| കർഷകതൊഴിലാളി പെൻഷൻ | 5203170 | 599 |
| വിധവാപെൻഷൻ | 8615200 | 847 |
| വാർദ്ധക്യകാലപെൻഷൻ | 13199160 | 1931 |
| വികലാംഗപെൻഷൻ | 2535085 | 277 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 930640 | 88 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 240000 | 4 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7909/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം**

ഗ്രാമ പഞ്ചായത്തിന്റെ റോഡ്, റോഡ് ഇതര ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്1)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ്

രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-01-2016 | 01-12-2016 മുതൽ 31-12-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-07-2014 മുതൽ 11-8-2014 വരെ | 01-04-2013 മുതൽ 31-03-2014 വരെ | ലഭിച്ചിട്ടില്ല |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിന് രണ്ട് ബാങ്ക് അക്കൗണ്ടുകൾ നില നിർത്തിപ്പോരുന്നു

ആര്യാട് ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് കണക്കുകൾ പരിശോധിച്ചതിൽ ആര്യാട് ഗ്രാമപഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ലി.മി.നമ്പർ.എ-257(അക്കൗണ്ട് നമ്പർ.8680), ഇന്ത്യൻ ഓവർസീസ് ബാങ്ക്, കോമളപുരം ശാഖ(അക്കൗണ്ട് നമ്പർ.120101000000524) എന്നീ ബാങ്കുകളിൽ ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതായി കാണുന്നു. സർക്കുലർ നമ്പർ. 58725 എഫ്.എം.3-2008തസ്വഭവ/26.05.11)ൽ തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാത്കൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ട് മാത്രം മതിയെന്നും ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. തനത് ഫണ്ടിന് ഒരു അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്.

### 2-2 വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല

1. 12.04.2012ലെ 49590/ആർ.സി.2/2011 സർക്കുലർ പ്രകാരം 14.01.11 മുതൽ അൺ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തുനികുതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഇതു പ്രകാരമുള്ള വസ്തുനികുതി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബിലീവർ ചർച്ച് ഇംഗ്ളീഷ് മീഡിയം സ്കൂൾ,ഗുരുപുരം,മാതാ സീനിയർ സെക്കന്ററി സ്കൂൾ, തുമ്പോളി എന്നീ സ്കൂളുകളിൽ നിന്നും ഈടാക്കിയിട്ടില്ല. വസ്തുനികുതി ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്. വിവരം ആഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരമുള്ള തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ജി.ഒ(ആർ.ടി)2640/2012 ത.സ്വ.ഭ.വ.തീയതി-19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ എത്ര മൊബൈൽ ടവർ സ്ഥിതി ചെയ്യുന്നു എന്നാരാഞ്ഞ ആഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭിച്ചില്ല. ഇവയ്ക്ക് നമ്പർ നല്കി നികുതി ഈടാക്കേണ്ടതും, വിവരം ആഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 2-3 പരസ്യ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ വളരെ അധികം പരസ്യ ബോർഡുകൾ സ്ഥിതി ചെയ്യുന്നു. എന്നാൽ ഈ ബോർഡുകൾക്ക് പരസ്യ നികുതി ഈടാക്കുന്നില്ല. ഇതു കാരണം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ബൈലോ നാളിതു വരെ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. പരസ്യ നികുതി ഈടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം –3

## ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്തത് മൂലം പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ അധിക ബാധ്യത

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 758 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം മൂന്ന ലക്ഷത്തിലധികം രൂപയാണ് നിലവിൽ നൽകി വരുന്നത്. പഞ്ചായത്തിലെ ഓരോ വാർഡുകളിലുമുള്ള പ്രവർത്തന ക്ഷമമായതും, അല്ലാത്തതുമായ പൊതു ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജി ഒ(ആർ ടി) 2242/2011/തസ്വഭവ/ 28-09-2011 പ്രകാരം വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കിയാണ് വാട്ടർ അതോറിറ്റിക്ക് തുക നൽകേണ്ടത്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്തമായി പരിശോധന നടത്തിയിട്ടില്ലെന്നും ആയതിനാൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകളുടെ എണ്ണം ടി പരിശോധനയ്ക്ക് ശേഷം മാത്രമേ ലഭ്യമാകൂ എന്ന് ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (06/21.01.2017) മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി.

2009-10 മുതൽ ഓഡിറ്റ് കാലയളവു വരെ വെള്ളക്കരം അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | നിലവിലുള്ള ടാപ്പുകളുടെ എണ്ണം | തൻ വർഷത്തെ ആകെ ഡിമാന്റ് | തനതു ഫണ്ടിൽ നിന്നും ഒടുക്കിയത് | സർക്കാർ ഗ്രാന്റുകളിൽ നിന്നും നേരിട്ട് അടവായത് + പ്രോജക്ട് പ്രകാരം അടവ് | തൻവർഷം ആകെ അടവാക്കിയത് | കൂടുതൽ/കുറവ് അടവാക്കിയത് |
|---|---|---|---|---|---|---|
| 2009-10 | 556 | 2187791 | 810835 | 1588960 | 2399795 | (+)212004 |
| 2010-11 | 614 | 3186319 | 2140248 | 1860397 | 4000645 | (+)814326 |
| 2011-12 | 780 | 3094287 | 2165531 | 0 | 2165531 | (-)928756 |
| 2012-13 | 755 | 2642496 | 2642496 | 0 | 2730403 | (+)87907 |
| 2013-14 | 758 | 2642496 | 2435610 | 0 | 2435610 | (-)206886 |
| 2014-15 | 758 | 3032050 | 3205724 | 0 | 3205724 | (+)173674 |
| 2015-16 | 758 | 3986133 | 3986133 | 0 | 3986133 | 0 |
| 04/16 to 06/16 | 758 | 1000125 | 1000125 | 0 | 1000125 | 0 |
| ആകെ | | | | | | (+)152269 |

വെള്ളക്കരം സംബന്ധിച്ച രജിസ്റ്ററിൽ 02/2012 മുതൽ 08/2012 വരെയുള്ള കാലയളവിലെ ഡിമാൻഡ്, അടവ് എന്നീ രേഖപ്പെടുത്തലുകൾ ഇല്ല. മേൽ കാലയളവിലെ പ്രതീക്ഷിത ഡിമാൻഡും യഥാർത്ഥത്തിൽ അടവാക്കിയ വെള്ളക്കരവുമാണ്

മുകളിലെ പട്ടികയിൽ ചേർത്തിട്ടുള്ളത്. രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് 1,52,269/- രൂപ ഡിമാൻഡിൽ കൂടുതലായി നൽകിയതായി കാണുന്നു. വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ അധിക തുകയുടെ കൃത്യത ഉറപ്പു വരുത്തേണ്ടതും അധികം നല്കിയ തുക ക്രമീകരിക്കേണ്ടതുമാണ്.

പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി ഗ്രാമ പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അധിക ബാധ്യത ഒഴിവാക്കുന്ന തിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണ സമിതിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 തെരുവ് വിളക്കുകളുടെ യഥാർത്ഥ ഉപഭോഗം കണക്കാക്കാതെ വൈദ്യുതി ചാർജ് അടവാക്കുന്നു

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 42807/- രൂപ വീതമാണ് നൽകി വരുന്നത്. തെരുവുവിളക്കുകളുടെ രജിസ്റ്ററിൽ നിന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്ന തെരുവ് വിളക്കുകൾ ഏതെല്ലാം തരം, എത്രയെണ്ണം എന്നതിന്റെ സംഗ്രഹം തയാറാക്കി സൂക്ഷിക്കുന്നില്ലെങ്കിലും ഉപയോഗിക്കുന്ന തെരുവ് വിളക്കുകളുടെ വിശദവിവരം രേഖപ്പെടുത്തുന്നുണ്ട്.

കെ.എസ്.ഇ.ബി.യുടെ താരീഫ് പത്രിക പ്രകാരം താഴെപ്പറയുന്ന എണ്ണം തെരുവ് വിളക്കുകളാണ് ഉപയോഗിക്കുന്നത്.

| വിളക്കുകളുടെ തരം | എണ്ണം | വൈദ്യുതചാർജജ് |
|---|---|---|
| CFL 11 W | 72 | 504/- |
| CFL 15 W | 157 | 1413/- |
| ഫ്ലൂറസെന്റ് ട്യൂബ് (80 W) | 155 | 19220/- |
| ഫ്ലൂറസെന്റ് ട്യൂബ് (40 W) | 172 | 10492/- |
| സോഡിയം വേപ്പർ ലാമ്പ് 250 W | 27 | 11178/- |
| ആകെ | | 42807/- |

ഇതിൽ നിന്നും വൈദ്യുത ഉപഭോഗം കൂടുതലുള്ളത് സോഡിയം വേപ്പർ ലാമ്പിനാണെന്ന് വ്യക്തമാണ്. ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം സോഡിയം വേപ്പർ ലാമ്പുകളും പ്രകാശിക്കുന്നുണ്ടെന്നാണ് ഇതു സംബന്ധമായ ഓഡിറ്റ് അന്വേഷണത്തിന് (11/23.01.17) മറുപടി ലഭ്യമാക്കിയത്. കൂടാതെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് കെ.എസ്.ഇ.ബി. നിലവിൽ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നും, പ്രകാശിക്കാത്ത സോഡിയം വേപ്പർലാമ്പുകൾ കണ്ടെത്തി ആയവയുടെ വൈദ്യുതി ചാർജ് ഒഴിവാക്കുന്നതിനുള്ള നടപടികളും 2016-17 വാർഷിക പദ്ധതിയിൽ സോളാർ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ് എന്നും അറിയിക്കുകയുണ്ടായി. 2008-2009 മുതൽ രേഖപ്പെടുത്തലു കളുള്ള രജിസ്റ്ററിൽ സോഡിയം വേപ്പർ ലാമ്പുകൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും സോഡിയം വേപ്പർ ലാമ്പുകളുടെ വാങ്ങൽ, അറ്റകുറ്റപ്പണി എന്നിവ 2008-2009മുതൽ നടത്തുന്നില്ലയെന്ന് വ്യക്തമാണ്. കാലവർഷം, തുലാവർഷം എന്നിങ്ങനെ പ്രത്യേക കാലാവസ്ഥ സാഹചര്യമുള്ള കേരളത്തിലെ പരിതസ്ഥിതിയിൽ 2008-09 ന മുമ്പ് സ്ഥാപിച്ചിട്ടുള്ള സോഡിയം വേപ്പർ ലാമ്പുകളിൽ ഭൂരിഭാഗവും പ്രകാശിക്കുന്നുവെന്ന മറുപടി അവിശ്വസനീയമാണ്. ആയതിനാൽ കെ.എസ്.ഇ.ബി.യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി, മീറ്ററിംഗ് സംവിധാന പ്രക്രിയ ത്വരിതപ്പെടുത്തി അനാവശ്യമായി അടവാക്കുന്ന വൈദ്യുതി ചാർജ് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-3 തെരുവ് വിളക്ക്- വിതരണ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - 161/16 (തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ)

അടങ്കൽ - 75000/-(തനത് ഫണ്ട്)

ചെലവ് തുക - 75000 ( ചെക്ക് നമ്പർ.118944/19-10-15)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

തൻവർഷം ചുവടെ പറയും പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | 40 വാട്ട് കോപ്പർ ചോക്ക് | 100 |
| 2 | 40 വാട്ട് ട്യൂബ് | 500 |
| 3 | സ്റ്റാർട്ടർ | 200 |
| 4 | സൈഡ് ഹോൾഡർ | 250 |
| 5 | സ്റ്റാർട്ടർ ഹോൾഡർ | 100 |
| 6 | ഇൻസ്ററലേഷൻ ടേപ്പ് | 10 |
| 7 | ഫ്യൂസ് യൂണിറ്റ് | 22 |
| 8 | കോപ്പർ വയർ | 15 |

മേൽ പറഞ്ഞ ഉപകരണങ്ങൾ മുഴവൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും മുഴവൻ സാധനങ്ങളും വിതരണം ചെയ്തു എന്ന് എഴുതി ചേർക്കുകയും ചെയ്തിട്ടുണ്ട്. ഇവ ആരാണ് കൈപ്പറ്റിയതെന്നോ ഏതൊക്കെ വാർഡിലാണ് വിതരണം ചെയ്തത് എന്നോ വ്യക്തമല്ല. ആയതിനാൽ ഇതിന് വേണ്ടി ചെലവഴിച്ച 75000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വിദ്യാർത്ഥികൾക്ക് സ്റ്റീൽ കസേര വാങ്ങൽ- ടെണ്ടർ നടപടിക്രമം പാലിച്ചില്ല

**പ്രോ. നം. : 194/16(പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നൽകൽ)**

അടങ്കൽ : 2,53,000/-( വികസനഫണ്ട് - എസ്. സി.പി)

ചെലവ്: 2,53,000/-(ബിൽ നം- 06/15-16 തീ:21.03.16- 2,40,000/-; ബിൽ നം.- 07/15-16തീ:23.03.16-13,000/-)

കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (സിഡ്കോ)യിൽ നിന്നുമാണ് 64 വിദ്യാർത്ഥികൾക്കായി സ്റ്റീൽ ടേബിളും, കസേരയും വാങ്ങി നൽകിയിട്ടുള്ളത്.

സിഡ്കോയുടെ 09.02.16-ലെ പ്രഫോർമ ഇൻവോയ്സ് നം SMCALPY/0502 പ്രകാരമുള്ള സ്പെസിഫിക്കേഷനും വിലയും താഴെ കൊടുക്കുന്നു.

i)Steel table 1 Drawer & 1 CB 36”x18”x30”22 G @ 2300/- യൂണിറ്റ് റേറ്റ്

ii) Steel Chair 3/4” Round CR tube powder coated frame @ 1193.50/- യൂണിറ്റ് റേറ്റ്.

വില്പന നികുതി 14.50% ഉൾപ്പെടെ 64 എണ്ണത്തിന്റെ വിലയായി 2,53,000/- രൂപ സിഡ്കോ കൈപ്പറ്റിയിട്ടുണ്ട്. (Rt No. 15458)

28.05.2015-ലെ ജി.ഒ.(ആർ.ടി.)നം. 26/2015/എസ്.പി.ഡി.,23.11.2013-ലെ ജി.ഒ.(ആർ.ടി.)നം. 65/2013 /എസ്.പി.ഡി., 19.12.2014-ലെ ജി.ഒ.(ആർ.ടി.)നം. 74/2014/എസ്.പി.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ

അനുബന്ധത്തിൽ വിവരിച്ചിട്ടുള്ള സ്റ്റീൽ ഫർണ്ണീച്ചറുകൾ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നത്. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവുകളിലെ അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത കസേര ഇനമാണ് (Steel Chair 3/4" Round CR tube powder coated frame) സിഡ്കോ സപ്ലൈ ചെയ്തിട്ടുള്ളത്. ആയതിനാൽ കസേരകളുടെ വാങ്ങലിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. വാങ്ങലുകളിൽ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 46/16(സ്വയം തൊഴിൽ സംരംഭം-ഓട്ടോ റിക്ഷാവാങ്ങൽ -എസ്.റ്റി.)

അടങ്കൽ : 50,000/-( വികസന ഫണ്ട് -റ്റി.എസ്.പി)

ചെലവ് : 50,000/-(ബിൽ നം- /15-16 തീ:30.03.16)

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭമായി ഓട്ടോ റിക്ഷാ വാങ്ങുന്നതിനായി ബാക്ക് എൻഡ് സബ്സിഡിയായി ശ്രീ. രാഹുൽ.ആർ എന്ന ഗുണഭോക്താവിന് 50000/- രൂപ നൽകിയിട്ടുണ്ട്. ടി പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)കയർ സിറ്റി ഓട്ടോസ്, ചേർത്തല എന്ന സ്ഥാപനം സബ്സിഡി തുകയായ 50000/- രൂപ ബാങ്കിൽ നൽകിയാലുടനെ അതുൽ പ്രീമിയം പാസഞ്ചർ ഓട്ടോറിക്ഷാ ശ്രീ. രാഹുലിന്റെ പേർക്ക് രജിസ്റ്റർ ചെയ്തു നൽകുന്നതാണ് എന്ന് 29.03.16-ൽ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. യൂണിയൻ ബാങ്ക്, കലവൂർ ബ്രാഞ്ചിന്റെ വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 28.03.16-ലെ കത്തിന്റെ അടിസ്ഥാനത്തിലും കയർ സിറ്റി ഓട്ടോസിന്റെ മേൽ അറിയിപ്പിന്റെ അടിസ്ഥാനത്തിലും സബ്സിഡി തുക ബാങ്കിന്റെ പേർക്ക് നൽകിയെങ്കിലും (ഡി.ഡി. നം.306223/02.04.16) ഓട്ടോറിക്ഷാ ഗുണഭോക്താവിന് രജിസ്റ്റർ ചെയ്തു നൽകിയതായുള്ള രേഖ ലഭ്യമല്ല.

2) ഗുണഭോക്താവുമായി ഓട്ടോ കൈമാറില്ലെന്നും മറിച്ചു വിൽക്കുകയില്ലെന്നുമുള്ള കരാർ തയാറാക്കിയിട്ടില്ല.

3)എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വ മിഷനിലോ ഗുണഭോക്താവ് പേര് രജിസ്റ്റർ ചെയ്തതായിട്ടുള്ള രേഖ ലഭ്യമാക്കിയിട്ടില്ല.

അപാതകകളിന്മേൽ വിശദീകരണം ആരാഞ്ഞ് 17.01.17-ൽ നൽകിയ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കോൺട്രാക്റ്റ് മുഖേനയുള്ള വാങ്ങലുകൾക്ക് ആദായ നികുതി ഈടാക്കിയിട്ടില്ല

ആദായ നികുതി നിയമം, ചട്ടം 194 സി പ്രകാരം കോൺട്രാക്റ്റ് മുഖേനയുള്ള വാങ്ങലുകൾക്ക് വ്യക്തികൾക്ക് 1% വും അല്ലാത്തത് 2 % വും ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൻവർഷം ഇത്തരത്തിൽ തുക ഈടാക്കിയിട്ടില്ല. നികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | കരാറുകാരന്റെ പേര്/സ്ഥാപനം | നികുതി | ബിൽ /നം./തീയതി |
|---|---|---|---|---|---|---|
| 1 | 5 | അംഗൻവാടി വൈദ്യുതീകരണം | 149801 | ഹരീഷ്,ഹരിഭവൻ, ആര്യാട് | 1498 | ബിൽ നം.24/15-16 തീയതി.29.3.16 |
| 2 | 6 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി | 105300 | രമേശൻ പ്ളാക്കിൽ വീട്,ആലപ്പുഴ | 1053 | ബിൽ നം.11/15-16 തീയതി.30.10.15 |
| 3 | 106 | പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറും | 250000 | യുണികോം പള്ളിമുക്ക് | 5000 | ബിൽ നം.26/15-16 തീയതി.29.3.16 |

| | | | | | | |
|---|---|---|---|---|---|---|
| | | അനുബന്ധ ഉപകരണങ്ങളും | | കൊച്ചി | | |
| 4 | 161 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ | 75000 | യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് കൊല്ലം | 1500 | ചെക്ക് നം. 118944/19.10.15 |
| 5 | 169 | പ്ളാശ്ശുകുളത്തിന് സമീപമുള്ള പാർക്കിൽ കളി ഉപകരണങ്ങൾ | 189300 | ഡെൽറ്റാ സിസ്റ്റം ഉഴവൂർ കോട്ടയം | 3786 | ചെക്ക് നം. 118953/26.10.15 ബിൽ നം.10/15-16 തീയതി.17.10.15 |
| 6 | 189 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് കർട്ടൻ | എസ്. എസ്. ഫർണീച്ചർ,ആലപ്പുഴ | 76500 | 1530 | ചെക്ക് നം. 118492/218.11.15 ബിൽ നം.10/15-16 തീയതി.17.10.15 |
| | ആകെ | | | | 14367 | |

## 3-7 കളിയുപകരണം ഉപയോഗശൂന്യമായ നിലയിൽ- തുടർ നടപടി സ്വീകരിച്ചില്ല

പ്ലാശ്ശു കുളത്തിന് സമീപമുള്ള കുട്ടികളുടെ പാർക്ക്(പ്രോ.നം. 169/16) എന്ന പ്രോജക്ട് മുഖേന തനത് ഫണ്ടിൽ നിന്ന് 1 ലക്ഷം രൂപയും വികസന ഫണ്ടിൽ നിന്ന് 98765/- രൂപയും അടങ്കൽ നിശ്ചയിച്ച് കളിയുപകരണങ്ങൾ സ്ഥാപിച്ചതിന് 198765/- രൂപ ചെലവ് വന്നിട്ടുണ്ട്.

പ്ലാശ്ശു കുളത്തിന് സമീപമുള്ള പാർക്കിൽ കളിയുപകരണങ്ങൾ "ഡെൽറ്റ എൻജിനീയറിംഗ് സിസ്റ്റംസ്, കോട്ടയം" എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി സ്ഥാപിച്ചിട്ടുള്ളത് നേരിൽ പരിശോധിച്ചതിൽ ടി സ്ഥാപനത്തിന്റെ 26.09.15-ലെ 041-ാം നമ്പർ ബില്ലിലെ ക്രമ നം. 6 പ്രകാരമുള്ള “Funnel Ball game ”(വില-28500/-+നികുതി) എന്ന കളിയുപകരണത്തിന്റെ മുകൾഭാഗം പിഴുതു മാറ്റപ്പെട്ട ഉപയോഗശൂന്യമായ നിലയിൽ ആണെന്ന കാണകയുണ്ടായി.

ഇത് സംബന്ധമായി പഞ്ചായത്ത് അനന്തര നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. ആയതിനാൽ ടി ഉപകരണത്തിനായി ചെലവഴിച്ച തുക പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു. കളിയുപകരണം ഉപയോഗയോഗ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കൂടിയ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങിയത് മൂലം അധികച്ചെലവ്

**പ്രോ. നം. : 95/16(എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ)**

അടങ്കൽ : 47,190/-( വികസനഫണ്ട്-എസ്.സി.പി)

ചെലവ്: 47,190/-(1.ബിൽ നം- 05/15-16 തീ:21.03.16-30,030/-)

2.ബിൽ നം- 08/15-16 തീ:23.03.16-17,160/-)

19.06.15-ലെ എ2-4491/15-ാംനമ്പർ ദർഘാസ് പരസ്യത്തിൽ ക്രമ നം.15 പ്രകാരം "എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ" എന്ന മാത്രം രേഖപ്പെടുത്തി മറ്റ് സ്പെസിഫിക്കേഷനുകൾ ഇല്ലാതെ ക്വട്ടേഷൻ ക്ഷണിച്ചതിൽ റെയ്ഡ്കോ ആലപ്പുഴ, ടോൾ ബോയ് സ്പോർട്സ് ആലപ്പുഴ, ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനം തിട്ട എന്നീ മൂന്ന സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് റെയ്ഡ്കോ ആലപ്പുഴ എന്ന സ്ഥാപനമാണ് (Hero Branded Miss India (Girls)@ 4085/-; Hero Jet Gold(Boys) @ 3192/- നികുതി, മറ്റ് ചാർജുകൾ അടക്കം) . എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട ചെയ്ത ടി സ്ഥാപനത്തെ ഒഴിവാക്കി 4290/- രൂപ ക്വാട്ട ചെയ്ത "ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് പത്തനം തിട്ട" എന്ന സ്ഥാപനത്തിന്റെ Bhogal DNS Kontra (Boys), Bhogal VIVA(Girls) ക്വട്ടേഷൻ അംഗീകരിച്ച പെൺകുട്ടികൾക്കായി 7 ഉം ആൺകുട്ടികൾക്കായി 4 ഉം സൈക്കിളുകൾ വാങ്ങി. (ബിൽ നം. 2428/11.03.16-30030/-; ബിൽ നം. 2461/17.03.16-17160/-) കുറഞ്ഞ നിരക്ക് ക്വാട്ട ചെയ്ത റെയ്ഡ്കോയുടെ ക്വട്ടേഷൻ നിരസിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല. 24.07.15-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 12-പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് എസ്.വി.പ്രസന്ന കുമാർ പത്തനംതിട്ട എന്നയാളാണ് എന്ന രേഖപ്പെടുത്തി ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിക്കുകയാണുണ്ടായത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് സ്ഥാപനത്തെ ഒഴിവാക്കി കൂടിയ റേറ്റ് ക്വാട്ട ചെയ്ത സ്ഥാപനത്തിന്റ ക്വട്ടേഷൻ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് അന്വേഷണം(നം. 03/17.01.2017) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് റെയ്ഡ്കോ, ആലപ്പുഴ എന്ന സ്ഥാപനമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്ത് കമ്മിറ്റിയെ ബോധ്യപ്പെടുത്തിയതായി കാണുന്നില്ല.

റെയ്ഡ്കോയുടെ ക്വട്ടേഷൻ പ്രകാരം നൽകേണ്ടിയിരുന്ന തുക-
a)പെൺകുട്ടികളുടെ സൈക്കിൾ -> 4085x 7 = 28595/-

അധിക ചെലവ് = 30030-28595=**1435/-**

b)ആൺകുട്ടികളുടെ സൈക്കിൾ -> 3192 x 4 = 12768/-

അധിക ചെലവ് = 17160-12768=**4392/-**

ആകെ=**5827/-** രൂപ

കൂടിയ റേറ്റിൽ സൈക്കിളുകൾ വാങ്ങിയതിൽ വന്ന അധിക ചെലവ് തുക 5827/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-9 കൺവീനർമാർക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ബിറ്റുമിൻ ലഭ്യമായി- വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി

2015-16 ൽ നടപ്പാക്കിയ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റ് DSR-2014 പ്രകാരമാണ് തയ്യാറാക്കിയത്. ഇവയിൽ ടാറിംഗ് വേലകളിൽ ടാറിന്റെ (Bitumen VG – 10) വില താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചത്.

| | |
|---|---|
| ടാർ വില (ടണ്ണിന്) | 50600.00 |
| കാര്യേജ് | 106.49 |
| ആകെ | 50706.49 |
| കോസ്റ്റ് ഇന്റക്സ് (1.4571) സഹിതം | 73884.43/Tonne=രൂ.73.88/kg |

എന്നാൽ ഈ കാലഘട്ടങ്ങളിൽ ഗുണഭോക്തൃ സമിതികൾക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. യഥാർത്ഥ ബില്ല പ്രകാരമുള്ള ടാർ വിലയിൽ അധികരിച്ച തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

DSR-2014 പ്രകാരമുള്ള ടാർ വിലയും മാർക്കറ്റ് വിലയും തമ്മിൽ ഭീമമായ വ്യത്യാസം നിലനില്ക്കുന്നതിനാൽ ടാറിന്റെ

യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലുകളിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്തു മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ. എന്നാൽ 2015-16 കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തിൽ DSR നിരക്കിൽ തയ്യാറാക്കിയ ടാറിംഗ് വേലകളുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായി.

തൻവർഷം കൺവീനർമാർ ടാർ വാങ്ങിയ വില കണക്കിലെടുക്കുമ്പോൾ കിലോഗ്രാമിന് അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് നിരക്ക് | വാങ്ങിയ വില | അധികം കി.ഗ്രാം |
|---|---|---|
| 73.88 | 29.53 | 44.35 /kg |
| 73.88 | 34.08 | 39.80/kg |
| 73.88 | 35.63 | 38.25/kg |
| 73.88 | 35.69 | 38.19/kg |
| 73.88 | 31.30 | 42.58/kg |

| ക്രമ നം. | പ്രവൃത്തി / കൺവീനർ പേര് | ടാറിംഗ്ചെയ്ത വിസ്തീർണം / അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ കി.ഗ്രാം | ബിറ്റുമിന് (161.8kg VG10 ബാരലിന്) കൺവീനർക്ക് ചെലവായ തുക | അധികം നൽകാനിടയായ തുക | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | എൽ.എച്ച്.എസ്-നെടിയാംപോള റോഡ് ടാറിംഗ്<br>പ്രോ. നം. 68/16<br>കൺവീനർ - പി. പാർത്ഥൻ നായർ | 438.23 m2<br>എസ്റ്റിമേറ്റളവായ 432 m2 -ൽ നിജപ്പെടുത്തി (WBM)<br>96/16 | 1369.44<br>കി.ഗ്രാം<br>(Col2x 3.17) | 43007/-(29.53/ kg)<br>( 9ബാരൽ വാങ്ങി)<br>KSIDCO Invoice No 14672/20.02.16 | 60735/- | ഡി.ഡി.നം. 305049/28.03.16-2,83,008 /-(അടങ്കൽ തുകയിൽ നിജപ്പെടുത്തിയത് പ്രകാരം)<br>പ്രവൃത്തി മൂല്യം- 283193/-<br>നികുതി,മറ്റ് കിഴിവുകൾ- 14160+2832 അടങ്കൽ- 3ലക്ഷം, (തനതുഫണ്ട്) |
| 2 | ചാരംപറമ്പ് ഇലവൻ സ്റ്റാർ റോഡ് റീ-ടാറിംഗ്<br>വാർഡ് 6<br>പ്രോ. നം. 184/16<br>കൺവീനർ-റ്റി.ആർ.മുരളി | 438 m2<br>എസ്റ്റിമേറ്റളവായ 435 m2 -ൽ നിജപ്പെടുത്തി<br>(WBM)<br>98/16 | 1378.95<br>കി.ഗ്രാം<br>(Col2x 3.17) | 43007/-(9 ബാരൽ വാങ്ങി)<br>(29.53/kg)<br>KSIDCO Invoice No 14673/20.02.16 | 61156/- | 31/15-16തീയതി 26.03.16-309252/-<br>പ്രവൃത്തി മൂല്യം- 291748/-<br>നികുതി,മറ്റ് കിഴിവുകൾ- 14587+2917 അടങ്കൽ- 3.10ലക്ഷം(മെയിന്റനൻസ് ഫണ്ട്-റോഡ്) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 3 | ആർ.ഒ. പ്ലാന്റ് -മലയാളം കലാഭവൻറോഡ് ടാറിംഗ്<br>പ്രോ. നം. 66/16<br>കൺവീനർ - സന്തോഷ് കമാർ | 445m2(WBM)<br>എസ്റ്റിമേറ്റളവായ 435 m2 -ൽ നിജപ്പെടുത്തി<br>82/15-16 | 1378.95<br>കി.ഗ്രാം<br>(Col2x 3.17) | 55145/-(34.08/ kg)<br>(10ബാരൽ വാങ്ങി)<br>KSIDCO Invoice No 12530/12.01.16 | 54882/- | ഡി.ഡി.നം. 269056/01.03.16-2,82,890 /-(അടങ്കൽ തുകയിൽ നിജപ്പെടുത്തിയത് പ്രകാരം)<br>പ്രവൃത്തി മൂല്യം- 285160/-<br>നികുതി,മറ്റ് കിഴിവുകൾ- 14258+2852<br>അടങ്കൽ- 3ലക്ഷം, (തനതുഫണ്ട്) |
| 4 | മൃഗാശുപത്രി റോഡ് മെറ്റലിംഗ് &ടാറിംഗ് -വാർഡ് 6<br>പ്രോ. നം. 185/16<br>കൺവീനർ - റ്റി.ആർ.മുരളി | 290m2(WBM)<br>എസ്റ്റിമേറ്റളവായ 288 m2 -ൽ നിജപ്പെടുത്തി<br>95/16 | 912.96<br>കി.ഗ്രാം<br>(Col2x 3.17) | 28671/-(29.53/ kg)<br>(6ബാരൽ വാങ്ങി)<br>KSIDCO Invoice No 14674/20.02.16 | 40490/- | ബിൽ നം.34/15-16തീയതി 26.03.16-<br>200000/-(അടങ്കലിൽ നിജപ്പെടുത്തി)<br>പ്രവൃത്തി മൂല്യം- 188800/-<br>നികുതി,മറ്റ് കിഴിവുകൾ- 9440+1888അടങ്കൽ- 2ലക്ഷം, (മെയിന്റനൻസ് ഫണ്ട്-റോഡ്) |
| 5 | എ.കെ.ജി.- എ.എസ്. കനാൽ റോഡ് റീ ടാറിംഗ്<br>പ്രോ. നം. 182/16<br>കൺവീനർ - ഉഷ സജി | 670.25 m2<br>(WBM)<br>എസ്റ്റിമേറ്റളവായ 615 m2 -ൽ നിജപ്പെടുത്തി<br>79/15 | 1949.55<br>കി.ഗ്രാം<br>(Col2x 3.17) | 80718/-(35.63/ kg)<br>(14 ബാരൽ വാങ്ങി)<br>KSIDCO Invoice No 11709/18.12.15 | 74570/- | 1)ബിൽ നം.12/15-16തീയതി 16.02.16-115000/- 2)13/15-16 തീ: 27.02.16-310000/-<br>പ്രവൃത്തി മൂല്യം- 405622/-<br>(അടങ്കൽ തുകയിൽ നിജപ്പെടുത്തിയത് പ്രകാരം)<br>നികുതി,മറ്റ് കിഴിവുകൾ- 20281+4056<br>അടങ്കൽ- 4.25ലക്ഷം, (മെയിന്റനൻസ് ഫണ്ട്-റോഡ്) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 6 | ഡിസ്പെൻസറി -എ.എസ് കനാൽ റോഡ് ടാറിംഗ്<br><br>പ്രോ. നം. 187/16<br><br>കൺവീനർ - പി. എസ്. സതീശൻ | 347.43 m2<br><br>(WBM)<br><br>81/15 | 1101.35<br><br>കി.ഗ്രാം<br><br>(Col2x 3.17) | 46200/-(35.69/ kg)<br><br>( 8ബാരൽ വാങ്ങി)<br><br>Anizham Products Invoice No 035/19.12.15(ALPY) | 42061/- | ബിൽ നം.14/15-16 തീ: 27.02.16-241471/-<br><br>പ്രവൃത്തി മൂല്യം- 227803/-<br><br>നികുതി,മറ്റ് കിഴിവുകൾ- 11390+2278<br><br>അടങ്കൽ- 2.78ലക്ഷം, (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 7 | നെഹ്റു ജം.- എ.എസ് കനാൽ റോഡ് റീ ടാറിംഗ്<br><br>പ്രോ. നം. 186/16<br><br>കൺവീനർ - മുരളീധരൻ,കാട്ടുങ്കൽ | 660.32m2(BT)<br><br>പോട്ട് ഹോൾ ഫില്ലിംഗ് 50mm thickness-58.28 m2<br><br>41/14-15 | 1928.13<br><br>കി.ഗ്രാം<br><br>(Col2x 2.92)+Pot hole Filling Bitumen Usage-101.87 kg (page No.3)<br><br>ആകെ-2030 കി.ഗ്രാം | 86483/-(35.63/ kg)<br><br>( 15ബാരൽ വാങ്ങി)<br><br>KSIDCO Invoice No 11702/18.12.15 | 77648/- | ബിൽ നം. 15/15-16 തീ: 27.02.16-293742<br><br>പ്രവൃത്തി മൂല്യം- 277115/-<br><br>നികുതി,മറ്റ് കിഴിവുകൾ- 13856+2771<br><br>അടങ്കൽ- 3ലക്ഷം, (മെ.ഫ-റോഡ്) |

| | | | | | | |
|---|---|---|---|---|---|---|
| 8 | ശാസ്ത്രിപുരം മുനിസിപ്പൽ അതിർത്തി റോഡ് ടാറിംഗ്<br>പ്രോ. നം. 183/16<br>കൺവീനർ -മധുമണി വി. | 759.40m2(BT)<br>ഇത് എസ്റ്റിമേറ്റളവായ 750 m2-ൽ നിജപ്പെടുത്തി.<br>പോട്ട് ഹോൾ ഫില്ലിംഗ് 50mm thickness- 179.01 m2<br>107/16 | 2190<br>കി.ഗ്രാം<br>(Col2x 2.92)+Pot hole Filling Bitumen Usage-312.90 kg<br>ആകെ-2502.90 കി.ഗ്രാം | 81021/-(31.30/ kg)<br>( 16ബാരൽ വാങ്ങി)<br>KSIDCO Invoice No 15722/16.03.16 | 106573/- | 46/15-16 തീ: 31.03.16-366290/-<br>പ്രവൃത്തി മൂല്യം- 345556/-<br>നികുതി,മറ്റ് കിഴിവുകൾ- 17278+3456<br>അടങ്കൽ- 3.90ലക്ഷം, (മെയിന്റനൻസ് ഫണ്ട്-റോഡ്) |
| | ആകെ | | | | **5,18,115/-** | |

ബിറ്റുമിന്റെ വിപണി വിലയിലെ കുറവ് പരിഗണിക്കാതിരുന്നതിനാൽ കൺവീനർമാർക്ക് ടാറിന്റെ വിലയിനത്തിൽ 5,18,115/- രൂപ അധികം നൽകി. വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/23.01.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി അധികം നൽകിയ 518115/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 3-10 ഹോമിയോ ആശുപത്രിയ്ക്ക് ചുറ്റമതിലും ഗ്രില്ലും നിർമ്മാണം -തെറ്റായ മൂല്യനിർണ്ണയം മൂലം അധികതുക നൽകിയത് അംഗീകരിക്കുന്നില്ല

2015-16-ലെ വാർഷിക പദ്ധതിയിൽ വാർഡ് നം-13ൽ സ്ഥിതി ചെയ്യുന്ന ഹോമിയോ ആശുപത്രിയ്ക്ക് ചുറ്റമതിലും ഗ്രില്ലും പണിയുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 2 ലക്ഷം രൂപ വകയിരുത്തി 1,22,849/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2014ഡി.എസ്. ആർ, സി.പി.ഡബ്ല്യു.ഡി.സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് ബി പ്രകാരം 12 എം.എം സ്ക്വയർ കമ്പി ഉപയോഗിച്ച് ഗ്രിൽ നിർമ്മിച്ച് പെയിന്റിംഗ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയാറാക്കിയിട്ടുള്ളത്.

അളവ് പുസ്തകം നം. 105/16 -ലെ പേജ് നം. 11 മുതൽ 14 വരെയുള്ള പുറങ്ങളിലെ രേഖപ്പെടുത്തലുകളിൽ നിന്നും 12mm square rod,20mm square rod, 25mm square rod എന്നീ കമ്പികളുടെ Coefficient -ന്റെ അടിസ്ഥാനത്തിലാണ് ടി കമ്പികളുടെ ഭാരം കണക്കാക്കിയിരിക്കുന്നത്. ആയത് പ്രകാരം 12mm കമ്പി ഉപയോഗിച്ചിരിക്കുന്ന 281.30മീറ്റർ നീളത്തെ ടി കമ്പിയുടെ Coefficient ആയ 1.13 kg/m മീ കൊണ്ട് ഗുണിച്ച് ആകെ ഭാരം 317.87 കി.ഗ്രാം എന്നും 25mm കമ്പിയുടെ ഭാരം 73.895 കി.ഗ്രാം (15.05 മീ x 4.91 kg/m)എന്നും കണക്കാക്കിയിട്ടുണ്ട് (പേജ് നം.13,14). ഇപ്രകാരം കണക്കാക്കിയ കമ്പികളുടെ ആകെ ഭാരമായ 403.631 കി.ഗ്രാമിന് ഡി.എസ്. ആർ ഇനം 9.48.2 പ്രകാരമുള്ള നിരക്കിൽ (148.10/kg) 59777.75/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. (പേജ് നം. 22)

19.01.2017-ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ 12mm, 25mm square കമ്പികളുടെ സ്ഥാനത്ത് യഥാക്രമം 10mm, 22mm square കമ്പികളാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. കൂടാതെ 25 mm dia square rodന്റെ സ്ഥാനത്ത് 22 mm dia square rod ഉപയോഗിച്ചാണ് ചെയ്തിരിക്കുന്നതെന്നും ടി അളവുകളിൽ ഒന്നിൽ 2.72 മീറ്റർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ സ്ഥാനത്ത് 2.10മീറ്ററിലാണ് ചെയ്തിരിക്കുന്നതെന്നും ബോധ്യപ്പെട്ടു. ആയതിനാൽ യഥാർത്ഥത്തിൽ ചെയ്തിട്ടുള്ള 10mm, 22mmകമ്പികളുടെ ഭാരം താഴെ പറയും പ്രകാരം കണക്കാക്കേണ്ടതായിരുന്നു.

| കമ്പിയുടെ തരം | ആകെ മീറ്റർ | കമ്പിയുടെ Coefficent | ഭാരം | റിമാർക്സ് |
|---|---|---|---|---|
| 10 mm | 281.30 m | 0.78kg/m | 219.414 kg | എം. ബുക്ക് പ്രകാരം (12 mm കമ്പി @1.13kg/m) 317.87kg |

| | | | | |
|---|---|---|---|---|
| | | | | വ്യത്യാസം- 98.456 കി.ഗ്രാം |
| 22 mm | 14.43 m (2.72-2.10 =0.62 m കുറച്ചിട്ടുള്ളത്) | 3.80 kg/m | 54.834 | എം. ബുക്ക് പ്രകാരം (25 mm കമ്പി 15.05 m @4.91kg/m) 73.895kg<br>വ്യത്യാസം- 19.061 കി.ഗ്രാം |
| ആകെ വ്യത്യാസം | | | | 117.517 kg |

അനുവദിക്കേണ്ടിയിരുന്ന തുക 403.631-117.517= 286.114 kg @ 148.10/kg => 42373.48 രൂപ.

അധികം അനുവദിച്ചത്= 59777.75-42373.48=17404.27

= 17404/- രൂപ (ക്രമപ്പെടുത്തുമ്പോൾ)

*മറ്റ് വിവരങ്ങൾ*

*പ്രോജക്ട് നമ്പർ : 85/16*

*കൺവീനർ :വാസുദേവൻ കൊല്ലാപറമ്പ്*

*എം.ബുക്ക് നം :105/16*

*കരാർ നം.53/AE/15-16/03.03.16*

*ബിൽ നം. 45/15-16/ 31.03.16- 1,22,849/-*

*പ്രവൃത്തി മൂല്യം- 115895/-രൂപ*

*നികുതികൾ, മറ്റുകിഴിവുകൾ- 5795+1159*

*കൺവീനർക്ക് നൽകിയ തുക- 1,15,895/- രൂപ*

*( ഡി.ഡി. നം. 306256/02.04.16 -SBI Civil Stn , Alp)*

അധിക തുക അനുവദിച്ചതിന്മേലുള്ള വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/23.01.17) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ മൂല്യനിർണ്ണയം മൂലം അധികം അനുവദിച്ച 17404/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-11 മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ പഞ്ചായത്തിലെ 2015-16 വർഷത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതികൾ പ്രധാനമായും നടത്തിയത് കാർഷിക-ജലസംരക്ഷണ അനുബന്ധ മേഖലകളിലാണ്. 192പദ്ധതികളിലായി 280.41 ലക്ഷം രൂപയാണ് ഈ വർഷം വേതനം നൽകുന്നതിനായി ചെലവഴിച്ചത്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 205 |

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3516 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2259 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2259 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 134857 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 100 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2015-16)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 332 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 332 |
| തൻവർഷം പൂർത്തിയാക്കിയത് | 250 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 82 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | Nil |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 75.30% |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 161 | 24263206 |
| 2 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 31 | 3777696 |

| | | | |
|---|---|---|---|
| 3 | റോഡ്നിർമ്മാണ പ്രവൃത്തികൾ | 15 | 947857 |
| 4 | ഐ.എ.വൈ വീട് | 70 | 943482 |
| | **ആകെ** | **277** | **29932241** |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതി ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല.

3. രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് റിക്കവറി 5458/-രൂപയും വാർഷികകണക്കിൽ 5175/-രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

### 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം | 2015-16 | 900000 | അംഗൻവാടി പോഷകാഹാരം | 770581 | 129419 |
| ജില്ലാപഞ്ചായത്ത് വിഹിതം | 2015-16 | 132500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 132500 | ഇല്ല |
| ബ്ലോക്ക് വിഹിതം | 2015-16 | 132500 | -ടി - | 132500 | ഇല്ല |

### 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

### 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

### 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt) No.31/10 /LSGD/ 28.01.2010 | 11458500 | 5729250 | 2291700 | - | 3437550 |

**4-6. സ്ഥിരനിക്ഷേപങ്ങൾ**

--ഇല്ല--

**4-7. ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 5458/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2003-2004 | 3-3 | 120 | ഉഷാ സുധാകരൻ | 11503102300/05.10.15 |
| 2003-2004 | 3-3 | 80 | എം.പി.പുഷ്പാംഗദൻ | 11503102301/05.10.15 |
| 2003-2004 | 3-3 | 64 | പി.കെ.ശശികുമാർ | 11503102309/05.10.15 |
| 2003-2004 | 3-3 | 32 | സി.എം.സുബൈദ | 11503102308/05.10.15 |
| 2003-2004 | 3-3 | 32 | എം. അനിൽകുമാർ | 11503102307/05.10.15 |
| 2003-2004 | 3-3 | 32 | സി.ഡി. അശോക് കുമാർ | 11503102306/05.10.15 |
| 2003-2004 | 3-3 | 32 | വി.കെ. ശിവദാസ് | 11503102305/05.10.15 |
| 2003-2004 | 3-3 | 32 | വി.ആർ ശ്രീനിവാസൻ | 11503102302/05.10.15 |
| 2003-2004 | 3-3 | 32 | ജാൻസി സുധീന്ദ്രൻ | 11503102304/05.10.15 |
| 2003-2004 | 3-3 | 32 | എസ്. രേഖ | 11503102303/05.10.15 |
| 2013-2014 & 2014-2015 | 2-1 | 4430 | പ്രിൻസിപ്പൽ, മാതാ സീനിയർ സെക്കൻഡറി സ്കൂൾ | 11503103325/19.01.16 |
| 2013-2014 & 2014-2015 | 2-4 | 180+<br>360 | മാനേജർ, ഗ്ലോബൽ സർക്കസ് & ജംബോ സർക്കസ് | 11503103115/28.12.15;<br>11503103116/28.12.15 |
| ആകെ | | **5458/-** | | |

**4-8.സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

**--**ഇല്ല--

**4-9. ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | **3,82,45,181/-** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **4,33,43,585** |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **5,41,346/-** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **1,25,000/-** |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 5827/- | ഐ. സുബൈദാ ബായി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | | 518115/- | സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-10 | | 17404/- | സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനിയർ |
| **ആകെ** | | **541346/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 75000/- | സി.എ. ജയശ്രീ,സെക്രട്ടറി, |
| 3-5 | 50000/- | ഐ. സുബൈദാ ബായി, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **1,25,000/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഖണ്ഡിക 3-6** 14367/- രൂപ ആദായ നികുതി

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

--ഇല്ല--

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.എ. ജയശ്രീ,സെക്രട്ടറി | സെക്രട്ടറി, ആര്യാട് ഗ്രാമ പഞ്ചായത്ത് | -- |
| ഐ.സുബൈദാ ബായി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആര്യാട് ഗ്രാമ പഞ്ചായത്ത് | സുകാസ്, തത്തംപള്ളി പി.ഒ, ആലപ്പുഴ |
| സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, പുറക്കാട് ഗ്രാമ പഞ്ചായത്ത് | കണ്ടോത്ത് പറമ്പിൽ, ചാത്തനാട്, അവലൂക്കുന്ന് പി.ഒ., ആലപ്പുഴ |

**4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ .8എ/1490/09 തീയതി 18-04-08/11-06-08 |
| 1997-98 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 1999-00 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 2000-01 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 2001-02 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 2002-03 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 2003-04 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 2004-05 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 2005-06 | എൽ.എഫ്. ജി. എ.5/1832/11 തീയതി. 19-01-12 |
| 2006-07 | എൽ.എഫ്.എ.16-46/2010/28.08.2010/4.10.2010 |
| 2007-08 | എൽ.എഫ്.എ.പി10-1357/2010/31.05.11/14.07.11 |
| 2008-09 | എൽ.എഫ്.എ.പി10-1358/2010/31.05.11/14.07.11 |
| 2009-10 | എൽ.എഫ്.എ.പി10-1359/2010/31.05.11/30.06.11 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി9/961/13തീയതി 28-01-14 |

| | |
|---|---|
| | |
| 2014-2015 | കെ.എസ്.എ-എ.എൽ.പി/പി9-1629/2015/08.01.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി.9/137/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 06. 02. 2017

***ഓഡിറ്റ് സർട്ടിഫിക്കറ്റ്***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P.9/137/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 06.02.2017

***AUDIT CERTIFICATE***

Certified that I have audited the Annual Financial Statement of Aryad Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Aryad Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha.